# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/13/2018 2018 ജനുവരി 16

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് (മെഡിക്കൽ ഡോക്യുമെന്റേഷൻ, പഴയ സ്കീം 2009 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 30ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 18 വരെയും 50 രൂപ പിഴയോടെ 19 വരെയും 500 രൂപ സൂപ്പർഫൈനോടെ 22 വരെയും സ്വീകരിക്കും.

**ബി.ടെക് ഇന്റേണൽ റീഡു അപേക്ഷ**

2010 മുതൽ അഡ്മിഷനിലുള്ള ബി.ടെക് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക്, വിജയിക്കാത്ത തിയറി പേപ്പറുകളുടെ ഇന്റേണൽ അസസ്മെന്റിന് റീഡു (ഈവൻ സെമസ്റ്ററുകളും ഏഴാം സെമസ്റ്ററും) പരീക്ഷകൾക്കുള്ള അപേക്ഷകൾ ജനുവരി 30 വരെ സ്വീകരിക്കും. വിഷയം ഒന്നിന് 2000 രൂപ വീതം രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. അപേക്ഷകൾ പരീക്ഷാവിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ-രണ്ടിന് സമർപ്പിക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭിക്കും.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. കഥകളി സംഗീതം (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ പുതുക്കിയ സമയക്രമമനുസരിച്ച് ജനുവരി 24, 25 തീയതികളിൽ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ ബി.ബി.എ. (ഓഫ് കാമ്പസ് സി.ബി.സി.എസ്.എസ്.) ഒന്നു മുതൽ നാലു വരെ സെമസ്റ്റർ സപ്ലിമെന്ററി, ബി.ബി.എ. (പ്രീ സി.ബി.സി.എസ്.എസ്. ഓഫ് കാമ്പസ്) ഒന്നു മുതൽ ആറു വരെ സെമസ്റ്റർ - സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 27 വരെ അപേക്ഷിക്കാം.

**ജൂതസമൂഹത്തിന്റെ കേരള - മലയാള ബന്ധങ്ങൾ: എം.ജി.യിൽ പ്രഭാഷണം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ പശ്ചിമേഷ്യൻ പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ജൂതസമൂഹത്തിന്റെ കേരള - മലയാള ബന്ധങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി സ്വതന്ത്ര ഗവേഷകനും കലാകാരനുമായ തൗഫീഖ് സഖറിയ ജനുവരി 17ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് സെമിനാർ ഹാളിൽ പ്രഭാഷണം നടത്തും. ദീർഘകാലമായി ഈ വിഷയത്തിൽ ഗവേഷണം നടത്തുന്ന പ്രഭാഷകന്റെ 'ജൂതസമൂഹത്തിന്റെ കേരള - മലയാള ബന്ധങ്ങൾ' പ്രമേയമാക്കിയുള്ള പ്രദർശനം ആഗോള ശ്രദ്ധ നേടിയിട്ടുണ്ട്.

**എം.ജി.യിൽ എറുഡേറ്റ് പ്രഭാഷണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹകരണത്തോടെ നടത്തുന്ന എറുഡേറ്റ് പ്രഭാഷണ പരമ്പരയിൽ ഓസ്ട്രേലിയയിലെ മെൽബൺ സർവ്വകലാശാലാ പ്രൊഫസർ ഡോ. മുത്തുപാണ്ഡ്യൻ അശോക്കുമാർ പ്രഭാഷണങ്ങൾ നടത്തും. സോണോ കെമിസ്ട്രിയുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ് പ്രഭാഷണം. ഇതിന്റെ ഭാഗമായി ജനുവരി 19ന് രാവിലെ 11 മണിക്ക് എറണാകുളം മഹാരാജാസ് കോളേജ് കെമിസ്ട്രി വിഭാഗത്തിലും ജനുവരി 22, 23, 24 തീയതികളിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലും പ്രഭാഷണങ്ങൾ നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**